**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734** **17-09-2025 - ൽ മറുപടിയ്ക്ക്**

**അനന്തപുരം വ്യവസായ പാർക്കിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് അനന്തപുരം വ്യവസായ പാർക്കിലെ വോൾട്ടേജ് ക്ഷാമം മൂലം വ്യവസായ സ്ഥാപനങ്ങൾ വേനൽ കാലത്ത് വലിയ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>വോൾട്ടേജ് ക്ഷാമം സംബന്ധിച്ച് HT കൺസ്യൂമേഴ്സിന്റെ നിരവധി പരാതികൾ ഫീൽഡ് ഓഫീസുകളിൽ ലഭിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് അനന്തപുരം വ്യവസായ പാർക്കിലെ വൈദ്യുതി പ്രശ്നം സംബന്ധിച്ച് വ്യവസായ വകുപ്പും വ്യവസായ ഉടമകളും ഉൾപ്പെടുന്ന കോ-ഓർഡിനേഷൻ മീറ്റിംഗിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ കെ.എസ്.ഇ.ബി.എൽ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ബോർഡ് ഉത്തരവ് ആയിട്ടുണ്ട്. വ്യവസായ വകുപ്പ് നിർദ്ദിഷ്ടസ്ഥലം കൈമാറി, ഡെപ്പോസിറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഒരു വർഷത്തിനകം നിർമ്മാണം പൂർത്തീകരിക്കാവുന്നതാണെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | അനന്തപുരം വ്യവസായ പാർക്കിലുണ്ടാവുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉണ്ട്.<br><br>എ പിരിവിൽ പ്രതിപാദിച്ചതിനു പുറമെ അടിയന്തിര നടപടികളായി താഴെ പറയുന്ന പ്രവൃത്തികൾക്ക് ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതായി കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്.<br><br>1. ബദിയടുക്ക സബ്സ്റ്റേഷൻ മുതൽ അനന്തപുരം സബ്സ്റ്റേഷൻ വരെ 15 കി.മീ കവേർഡ് കണ്ടക്ടർ വലിക്കൽ.<br>2. അനന്തപുരം സബ്സ്റ്റേഷനിൽ പുതിയ 33/11 കെ.വി 8 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ |

സെക്ഷൻ ഓഫീസർ